SAMAGRA SHIKSHA ? KERALA

# SECOND TERM EXAMINATION

## CHRISTMAS EXAM 2018?19

# SOCIAL SCIENCE

## CLASS VI

Year: 2018?19

**QUESTION PAPER**

*HD scan ? Enhanced readability ? Red exam-style border*

**A** **605**

# സമഗ്ര ശിക്ഷ, കേരളം

# അർദ്ധവാർഷിക മൂല്യനിർണയം 2018–19

## സാമൂഹ്യശാസ്ത്രം

ക്ലാസ് : 6 സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനുട്ട് സമാശ്വാസ സമയമാണ്. ഈ സമയം പ്രവർത്തനങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. തന്നിട്ടുള്ള 8 പ്രവർത്തനങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. തെരഞ്ഞെടുക്കുന്ന 6 പ്രവർത്തനങ്ങളിലെ എല്ലാ ഉപപ്രവർത്തനങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.

പ്രവർത്തനം - 1

■ **ഓരോ കാലാവസ്ഥ മേഖലകളിലും ജീവജാലങ്ങൾക്ക് വ്യത്യസ്തത കാണാൻ കഴിയുന്നു.**

എ. ചില ജീവികളുടെ ചിത്രങ്ങൾ താഴെ നൽകിയിരിക്കുന്നു. അവ ഓരോന്നും ഏതു കാലാവസ്ഥ മേഖലയിലാണ് ജീവിക്കുന്നതെന്ന് എഴുതുക.







ബി. ഇന്യൂട്ടുകൾ, സ്ഥിരമായി വീടുകൾ നിർമിക്കാത്തത് എന്തുകൊണ്ട് ? ഒരു കുറിപ്പ് തയാറാക്കുക.

പ്രവർത്തനം - 2

■ **മധ്യരേഖ കാലാവസ്ഥ പ്രധാനമായും അനുഭവപ്പെടുന്നത് ആഫ്രിക്കയിലെ കോംഗോതടം, തെക്കെ അമേരിക്കയിലെ ആമസോൺ നദീതടം, തെക്ക് കിഴക്ക് ഏഷ്യയിലെ മലേഷ്യ, ഇന്തോനേഷ്യ എന്നിവിടങ്ങളിലാണ്.**

എ. താഴെ തന്നിരിക്കുന്ന സൂചകങ്ങളെ അടിസ്ഥാനമാക്കി മധ്യരേഖാകാലാവസ്ഥ മേഖലയെ കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക.


സൂചകങ്ങൾ - കാലാവസ്ഥ സവിശേഷതകൾ
- സസ്യങ്ങൾ
- ജന്തുജാലങ്ങൾ
- മനുഷ്യജീവിതം

ബി. മധ്യരേഖാ കാലാവസ്ഥാ മേഖല ഏതെല്ലാം അക്ഷാംശങ്ങൾക്ക് ഇടയിലാണ്.

പ്രവർത്തനം - 3

■ **അക്ഷാംശരേഖാംശ രേഖകൾ ഉപയോഗപ്പെടുത്തിയാണ് ഭൂമിയിൽ സ്ഥാനനിർണയം നടത്തുന്നത്.**

എ. നൽകിയിരിക്കുന്ന ചിത്രത്തിൽ A, B, C എന്നീ ബിന്ദുക്കളുടെ സ്ഥാനം അക്ഷാംശരേഖാംശരേഖ കളുടെ അടിസ്ഥാനത്തിൽ എഴുതുക.




A = അക്ഷാംശം .................................... രേഖാംശം ....................................

B = അക്ഷാംശം .................................... രേഖാംശം ....................................

C = അക്ഷാംശം .................................... രേഖാംശം ....................................

ബി. താഴെ നൽകിയിരിക്കുന്നവയിൽ ശരിയായ പ്രസ്താവനകൾ എടുത്തെഴുതുക

- ഭ്രമണമാണ് ഋതുക്കൾക്ക് കാരണം
- സൗരയൂഥത്തിലെ എല്ലാ ഗ്രഹങ്ങളും സൂര്യനെ വലം വയ്ക്കുന്നു.
- പരിക്രമണമാണ് ഋതുക്കൾക്ക് കാരണം
- രാത്രിയും പകലും ഉണ്ടാകുന്നതിന് കാരണം പരിക്രമണമാണ്.

പ്രവർത്തനം 4

■ **വിവിധ കാലഘട്ടങ്ങളിലൂടെ വികാസം പ്രാപിച്ചതാണ് ഇന്ത്യയിലെ വാസ്തുവിദ്യാരീതി.**

എ. ഇൻഡോ-ഇസ്ലാമിക് വാസ്തു വിദ്യാരീതി രൂപപ്പെട്ടതെങ്ങനെയെന്ന് ഒരു കുറിപ്പ് തയാറാക്കുക

ബി. ഇൻഡോ-ഇസ്ലാമിക് വാസ്തു വിദ്യാരീതിയുടെ ഏതെങ്കിലും 2 സവിശേഷതകൾ കുറിക്കുക.

സി. ഇൻഡോ-ഇസ്ലാമിക് വാസ്തുവിദ്യാശൈലിയിൽ ഇന്ത്യയിൽ പണിതീർത്ത ആദ്യത്തെ നിർമിതി ഏതാണ്?

(a) താജ്മഹൽ
(b) ചെങ്കോട്ട
(c ) കുത്തബ്മിനാർ
(d) ചാർമിനാർ

പ്രവർത്തനം 5

■ **മധ്യകാലഘട്ടത്തിലാണ് യൂറോപ്പിൽ ഫ്യൂഡലിസം വളർന്നു വന്നത്.**

എ. യൂറോപ്പിൽ ഫ്യൂഡലിസം വളർന്നുവരാൻ ഇടയാക്കിയ സാഹചര്യങ്ങൾ എന്തെല്ലാം?
(ഏതെങ്കിലും 2 എണ്ണം എഴുതുക)

ബി. യൂറോപ്പിലെ ഫ്യൂഡൽ സമൂഹത്തിൽ ഓരോ വിഭാഗത്തിന്റെയും സ്ഥാനം വ്യത്യസ്തമായിരുന്നു. ഓരോ വിഭാഗത്തിന്റെയും സ്ഥാനം തിരിച്ചറിഞ്ഞ് താഴെ നൽകിയിരിക്കുന്ന പ്രസ്താവനകൾ ക്രമപ്പെടുത്തി എഴുതുക.


- രാജാക്കൻമാരിൽ നിന്നും ഭൂമി ലഭിച്ചവരാണ് പ്രഭുക്കൻമാർ
- സാമൂഹിക ക്രമത്തിലെ ഏറ്റവും താഴെ തട്ടിലെ വിഭാഗമായിരുന്നു കർഷകർ (അടിയാളൻമാർ)
- ഫ്യൂഡൽ സാമൂഹിക ഘടനയിൽ ഏറ്റവും ഉയർന്ന സ്ഥാനം രാജാവിനാണ്
- പ്രഭുക്കൻമാരിൽ നിന്നും ഭൂമി ലഭിച്ചവരാണ് ഇടപ്രഭുക്കൻമാർ

സി. പ്രഭുക്കൻമാരുടെ കൈവശമുണ്ടായിരുന്ന വിശാലമായ പ്രദേശങ്ങൾ ഏതു പേരിലാണ് അറിയപ്പെട്ടിരുന്നത്?

പ്രവർത്തനം 6

■ **ഉല്പാദനമെന്നത് ഒരു സാമ്പത്തിക പ്രവർത്തനവും നിരന്തരമായി തുടരുന്ന ഒരു പ്രക്രിയയുമാണ്.**

എ. സാമ്പത്തിക പ്രവർത്തനങ്ങളുടെ ചാക്രികഗതി സൂചിപ്പിക്കുന്ന 'ഡയഗ്ര'മാണ് താഴെ കാണുന്നത്. ഇവയിൽ വിട്ടുപോയ ഘടകങ്ങൾ എഴുതിചേർക്കുക.




ബി. ഗാർഹിക യൂണിറ്റ്, ഉത്പാദന യൂണിറ്റ് എന്നിവ പരസ്പരം എങ്ങനെയെല്ലാം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ഒരു കുറിപ്പ് തയാറാക്കുക.

പ്രവർത്തനം 7

■ മധ്യകാല ഇന്ത്യയിലെ പ്രാദേശിക ഭാഷയുടെ വികാസത്തിനും സാഹിത്യത്തിന്റെ വളർച്ചയ്ക്കും ഭക്തി - സൂഫി പ്രസ്ഥാനങ്ങൾ വലിയ പങ്ക് വഹിച്ചു.

എ. ഭക്തി- സൂഫി പ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായി വളർന്നുവന്ന പ്രാദേശിക ഭാഷകളെയും കൃതികളെയും സാഹിത്യകാരൻമാരെയും പരസ്പരം ക്രമപ്പെടുത്തിയെഴുതുക.

| സാഹിത്യകാരൻമാർ | കൃതികൾ | പ്രാദേശിക ഭാഷകൾ |
|---|---|---|
| നന്നയ്യ | കമ്പരാമായണം | തെലുങ്ക് |
| തുളസീദാസ് | അധ്യാത്മ രാമായണം | ഹിന്ദി |
| എഴുത്തച്ഛൻ | രാമചരിതമാനസം | മലയാളം |
| കമ്പർ | മഹാഭാരതം | തമിഴ് |

ബി. താഴെ കൊടുത്തിരിക്കുന്നവയിൽ ഭക്തി പ്രസ്ഥാനകാലത്ത് സാഹിത്യ പുരോഗതിക്ക് ഇടയാക്കിയ പ്രധാന കാരണം ഏത്?

(a) ഭക്തി പ്രസ്ഥാനത്തിലെ നായകൻമാർ ശക്തരായിരുന്നു.
(b) ഭക്തി പ്രസ്ഥാനത്തിലെ കവികളെല്ലാം സാധാരണക്കാരന്റെ ഭാഷയിലാണ് കവിതകൾ രചിച്ചത്
(c) സാഹിത്യകാരൻമാർക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകിയിരുന്നു.
(d) വിദേശഭാഷകൾക്ക് കൂടുതൽ ഊന്നൽ നൽകി.

പ്രവർത്തനം - 8

■ **ആദ്യകാല വ്യാവസായിക-കച്ചവട കേന്ദ്രങ്ങൾ രൂപം കൊണ്ടത് യൂറോപ്പിലാണ്.**

മധ്യകാല യൂറോപ്പിൽ ഉയർന്നുവന്ന വ്യാവസായിക നഗരങ്ങളുടെ പേരുകളാണ് താഴെ നൽകിയിരിക്കുന്നത്. അവ യൂറോപ്പിന്റെ രൂപരേഖയിൽ അതാത് അടയാളങ്ങൾക്ക് നേരെ എഴുതുക.

★ ന്യൂറംബർഗ്
★ മിലാൻ
★ വെനീസ്
★ ഫ്ളോറൻസ്
★ ജനോവ
★ കോൺസ്റ്റാന്റിനോപ്പിൾ